**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1602** **01-07-2026-ൽ മറുപടിയ്ക്ക്**

**ബി.പി.എൽ (മുൻഗണനാ വിഭാഗം) റേഷൻ കാർഡുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ബി.പി.എൽ (മുൻഗണനാ വിഭാഗം) റേഷൻ കാർഡുകൾ അനുവദിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം-2013 പ്രകാരം മുൻഗണനാ കാർഡുകൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് സംസ്ഥാന സർക്കാർ 18.09.2017 ലെ 320/2017/ഭ.പൊ.വി.വ നം. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വീടിന്റെ വിസ്തീർണ്ണം എന്ന ഘടകത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**(ബി)** ഇത്തരം മാനദണ്ഡങ്ങൾ കാരണം കൂട്ടുകുടുംബങ്ങളായി ജീവിക്കുന്ന കുടുംബങ്ങൾക്ക് വലിയ രീതിയിൽ പിഴപലിശ വ്യാപകമായി വരുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഇല്ല. റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങളെ ഒരു കുടുംബമായി കണക്കാക്കുന്നതിനാൽ ഒരു കുടുംബത്തിന്റെ വരുമാനം ആ റേഷൻ കാർഡിന്റെ വരുമാനമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

**(സി)** ഇത്തരം കുടുംബങ്ങളിലെ പരാതി തീർപ്പാക്കാൻ അദാലത്ത് നടത്തി തീരുമാനമെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** പരാതി ലഭിക്കുന്ന സാഹചര്യത്തിൽ ആയത് ചട്ട പ്രകാരം പരിശോധിച്ച് തീർപ്പാക്കുന്നതിന് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** ബി.പി.എൽ റേഷൻ കാർഡുകൾ അനുവദിക്കണമെന്ന് അപേക്ഷ ലഭിക്കുന്ന പക്ഷം മാനദണ്ഡങ്ങൾ നോക്കാതെ ഹിയറിംഗ് നടത്തി അപേക്ഷ തീർപ്പ് കൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** Kerala Food Security Rules 2018 ഖണ്ഡിക 6 ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരമാണ് നിലവിൽ

സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. എന്നിരുന്നാലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ എന്നിവ പരിശോധിച്ച് മെരിറ്റടിസ്ഥാനത്തിൽ ഈ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ 27.10.2020-ലെ 319/2020/ഭ.പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ അപേക്ഷ പ്രകാരം മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നല്കിവരുന്നുണ്ട്. മുൻഗണനാ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നത് ഓൺലൈൻ സംവിധാനത്തിലൂടെ ആയതിനാൽ അപേക്ഷയുടെ അർഹത വിശകലനം ചെയ്ത് അർഹരെ സുതാര്യമായി തിരഞ്ഞെടുത്തു വരുന്നുണ്ട്. നിലവിൽ മുൻഗണന മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട വീടിന്റെ വിസ്തീർണ്ണം എന്ന ഘടകത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**